# കേരള സർക്കാർ
# പൊതുപരീക്ഷാ വിഭാഗം

# എൽ.എസ്.എസ് & യു.എസ്.എസ് പരീക്ഷ

# ഏപ്രിൽ - 2021

# വിജ്ഞാപനം

**പരീക്ഷാ കമ്മിഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം – 12**

നം.ഇ.എക്സ്/എച്ച്-1/2424/2021/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി : 15 /02/2021

# വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസം - പരീക്ഷാ ഭവൻ - 2020-21 അദ്ധ്യായന വർഷത്തെ എൽ.എസ്.എസ്/യു.എസ്.എസ്. പരീക്ഷ നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. G.O (RT) No.105/2011പൊ.വി.വ. തീയതി 06/01/2011
2. G.O.(RT) No. 5662/2015. തീയതി: 30/11/2015.
3. 11.01.2021-ൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദേശം.

മേൽ സൂചനയിലെ സർക്കാർ ഉത്തരവ് അനുസരിച്ച് 2020-21 അദ്ധ്യായന വർഷത്തെ എൽ.എസ്.എസ്/യു.എസ്.എസ്. പരീക്ഷ താഴെ പറയും പ്രകാരം നടത്തുന്നതാണ്.

| പരീക്ഷയുടെ പേര് | തീയതി | സമയം |
|---|---|---|
| എൽ.എസ്.എസ്. | 07.04.2021 | പേപ്പർ - I<br>രാവിലെ 10.00 മുതൽ 12.20 വരെ |
| യു.എസ്.എസ്. | 07.04.2021 | പേപ്പർ - I<br>രാവിലെ 10.00 മുതൽ 12.20 വരെ |

## എൽ.എസ്.എസ് പരീക്ഷയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ

### 1. എൽ.എസ്.എസ്. പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

- കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ (ഗവൺമെന്റ്/എയ്ഡഡ്/അംഗീകാരമുള്ള അൺ എയ്ഡഡ്) ഈ അധ്യയന വർഷം (2020-21) നാലാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എൽ.എസ്.എസ് പരീക്ഷയെഴുതാൻ യോഗ്യരാണ്.
- ഇക്കഴിഞ്ഞ അധ്യയന വർഷം (2019-20) 3-ാം ക്ലാസ്സിൽ പാദവാർഷിക പരീക്ഷയിലും അർദ്ധ-വാർഷിക പരീക്ഷയിലും നേടിയ ഗ്രേഡുകളുടെ ശരാശരി പരിഗണിച്ച് മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസര പഠനം എന്നീ വിഷയങ്ങൾക്ക് 'എ' ഗ്രേഡ് (അതായത് 3-ാം ക്ലാസ്സിൽ നിന്ന് 4-ാം ക്ലാസ്സിലേക്ക് ക്ലാസ് കയറ്റം നേടാൻ പരിഗണിച്ച മാനദണ്ഡം)നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾ ഈ പരീക്ഷ എഴുതാൻ യോഗ്യരാണ്. (ഈ വർഷം പുതുതായി 4-ാം ക്ലാസ്സിൽ പ്രവേശനം നേടിയവർ, അവർ 3-ാം ക്ലാസ്സിൽ പാദ-അർദ്ധ വാർഷിക പരീക്ഷകളിൽ നേടിയ മാർക്ക്/ഗ്രേഡ് സംബന്ധമായ രേഖകൾ ഹാജരാക്കുകയും സ്ഥാപന മേധാവി അത് പരിശോധിച്ച് മുകളിൽ പറഞ്ഞ മാനദണ്ഡങ്ങൾക്ക് വിധേയമായി യോഗ്യത നിശ്ചയിക്കാവുന്നതാണ്.)

- മേൽ പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ മാത്രം 'ബി'ഗ്രേഡ് ആയ കുട്ടികൾ (1 മുതൽ 3 വരെയുള്ള ക്ലാസ്സുകളിൽ) ഉപജില്ലാ തല കലാ-കായിക-പ്രവൃത്തി പരിചയ ¢ മേളകളിൽ ഏതെങ്കിലും ഇനത്തിൽ 'എ' ഗ്രേഡോ ഒന്നാം സ്ഥാനമോ നേടിയിട്ടുണ്ടെങ്കിൽ അവർക്കും പരീക്ഷ എഴുതാവുന്നതാണ്.

- ഈ പരീക്ഷയ്ക്ക് കുട്ടികൾ ഫീസ് നൽകേണ്ടതില്ല. അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ പരീക്ഷാഭവൻ നിർദ്ദേശിക്കുന്ന തീയതിക്കകം സ്കൂൾ ഹെഡ്മാസ്റ്റർ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**2. <u>പരീക്ഷയുടെ സിലബസും സ്വഭാവവും</u>**

- എൽ.എസ്.എസ് പരീക്ഷയ്ക്ക് നാലാം ക്ലാസ് പാഠഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ സ്കീം ഓഫ് വർക്ക് അനുസരിച്ച് 2020 ഒക്ടോബർ 31 വരെ പഠിപ്പിക്കേണ്ടവ മാത്രമാക്കി നിജപ്പെടുത്തിയിട്ടുണ്ട്.

- നാലാം ക്ലാസ്സുവരെ കുട്ടി നേടിയിരിക്കേണ്ട പഠനനേട്ടങ്ങൾ ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങളാണ് എൽ.എസ്.എസ് പരീക്ഷയ്ക്ക് ഉണ്ടായിരിക്കുക.

- വിശദമായ ഉത്തരം എഴുതേണ്ട ചോദ്യങ്ങളും ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതേണ്ട ചോദ്യങ്ങളും ഉണ്ടായിരിക്കും.
- ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ട വയും ഉയർന്ന ശേഷികൾക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കും

  - അറിവിന്റെ സ്വാംശീകരണം
  - അറിവിന്റെ പ്രയോഗം
  - വിശകലനാത്മകത
  - വിലയിരുത്തൽ/ നിലപാട് സ്വീകരിക്കൽ
  - സൃഷ്ടിപരത

എൽ.എസ്.എസ് പരീക്ഷയ്ക്ക് ഒരു പേപ്പറും അതിൽ 5 പാർട്ടുകളുമാണ് ഉണ്ടായിരിക്കുക. റോൾ നമ്പർ, നിർദ്ദേശങ്ങൾ മുതലായവ അടങ്ങുന്ന ആദ്യ പേജ് പ്രത്യേകമായി ഉണ്ടാകും. തുടർന്നുള്ള പേജുകളിൽ ചോദ്യങ്ങളും ഓരോ ചോദ്യത്തിനും തൊട്ടുതാഴെ ഉത്തരം എഴുതാനുള്ള സ്ഥലവും ഉണ്ടാകും. ബഹുവികൽപ്പ (Multiple Choice) ചോദ്യങ്ങൾ ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതേണ്ടവ, വിശദമായി ഉത്തരമെഴുതേണ്ടവ, ചോദ്യക്കൂട്ടങ്ങൾ എന്നിങ്ങനെ ചോദ്യങ്ങൾ ഉണ്ടാകും. വിശദമായി ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് 5 സ്കോറും വസ്തുനിഷ്ഠചോദ്യങ്ങൾക്ക് 1 സ്കോറും ആയിരിക്കും. 5 സ്കോർ നൽകുന്ന ചോദ്യങ്ങൾക്ക് 1 മുതൽ 5 വരെ സ്കോറുകൾ നൽകേണ്ടത് എങ്ങനെ എന്ന് വിശദമാക്കുന്ന മൂല്യനിർണയസൂചകങ്ങൾ നൽകിയിട്ടുണ്ടാകും.

**3. <u>പരീക്ഷയുടെ ഘടന</u>**

2020 – 21 അധ്യയന വർഷത്തെ എൽ.എസ്.എസ് പരീക്ഷയ്ക്ക് ഒരു പേപ്പറും അതിൽ 5 പാർട്ടുകളും ഉണ്ടായിരിക്കും. പരീക്ഷാ സമയം 2 മണിക്കൂറായിരിക്കും.

<u>പേപ്പർ (1)</u>

| | | | | |
|---|---|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (മലയാളം/കന്നഡ/തമിഴ്) | - | 10 സ്കോർ |
| പാർട്ട് (ബി) | : | ഇംഗ്ലീഷ് | - | 10 സ്കോർ |
| പാർട്ട് (സി) | : | പരിസരപഠനം | - | 10 സ്കോർ |
| പാർട്ട് (ഡി) | : | ഗണിതം | - | 10 സ്കോർ |
| പാർട്ട് (ഇ) | : | പൊതുവിജ്ഞാനം | - | 10 സ്കോർ |
| | | **ആകെ സ്കോർ** | : | **50** |

## പരീക്ഷയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ

- പാർട്ട് A-ഒന്നാം ഭാഷയിൽ വിശദമായി ഉത്തരമെഴുതേണ്ട 1 ചോദ്യവും (**$1 \times 5 = 5$ സ്കോർ**), ഒറ്റ വാക്കിൽ/വാക്യത്തിൽ ഉത്തരമെഴുതേണ്ട 5 ചോദ്യങ്ങളും (**$5 \times 1 = 5$ സ്കോർ**) ഉണ്ടായിരിക്കും. (ഇതിൽ ബഹുവികൽപ്പ മാതൃകയിലുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും).

- പാർട്ട് B - ഇംഗ്ലീഷിൽ 5 സ്കോറിനുള്ള 1 ചോദ്യമാണ് ($1 \times 5 = 5$ സ്കോർ) ഉണ്ടായിരിക്കുക. ഈ ചോദ്യത്തിൽ 3 ഉപചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടാകും. ഇതിൽ ആദ്യത്തെ രണ്ടെണ്ണം 1 സ്കോർ വീതമുള്ള വസ്തുനിഷ്ഠ ചോദ്യങ്ങളായിരിക്കും. മൂന്നാമത്തേത് ഒരു ഭാഷാവ്യവഹാരരൂപം എഴുതാനുള്ളതുമായിരിക്കും. 3 സ്കോർ നൽകുന്ന ചോദ്യത്തിന് 1 മുതൽ 3 വരെ സ്കോർ ലഭിക്കാനുള്ള മാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടാകും. ഒറ്റ വാക്കിൽ/ വാക്യത്തിൽ ഉത്തരമെഴുതേണ്ട് 5 ചോദ്യങ്ങളും ($5 \times 1 = 5$ സ്കോർ) ഉണ്ടായിരിക്കും.

- പാർട്ട് C - പരിസരപഠനത്തിൽ വിശദമായി ഉത്തരമെഴുതേണ്ട 1 ചോദ്യവും ($1 \times 5 = 5$ സ്കോർ) ഒറ്റ വാക്കിൽ/വാക്യത്തിൽ ഉത്തരമെഴുതേണ്ട 5 ചോദ്യങ്ങളും ($5 \times 1 = 5$ സ്കോർ) ഉണ്ടായിരിക്കും.

- പാർട്ട് D - വിശദമായി ഉത്തരമെഴുതേണ്ട 1 ചോദ്യം ($1 \times 5 = 5$ സ്കോർ) ഗണിതത്തിൽ പ്രശ്നാപഗ്രഥനം നടത്തി ക്രിയ ചെയ്ത് ഒറ്റ വാക്കിൽ/ വാക്യത്തിൽ ഉത്തരമെഴുതേണ്ട 5 ചോദ്യങ്ങളും ($5 \times 1 = 5$ സ്കോർ) ഉണ്ടാകും.

- പാർട്ട് E - പൊതുവിജ്ഞാനത്തിൽ ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട 10 ചോദ്യങ്ങൾ ($10 \times 1 = 10$ സ്കോർ) ഉണ്ടാകും.

- പരീക്ഷ രാവിലെ 10.00 മുതൽ 12.20 വരെ ആയിരിക്കും. ഇതിൽ ആദ്യത്തെ 20 മിനിറ്റ് സമാശ്വാസ സമയമാണ്.

- പരീക്ഷയുടെ ഘടന സംബന്ധിക്കുന്ന പട്ടിക അനുബന്ധമായി നൽകിയിട്ടുണ്ട്.

- ഗണിതവിഭാഗത്തിൽ പ്രശ്നനിർദ്ധാരണത്തിനുള്ള ചോദ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. യുക്തിചിന്ത, മാനസികശേഷി എന്നിവ വിലയിരുത്താനുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും.

- പൊതുവിജ്ഞാനവിഭാഗത്തിൽ വിവിധ വിഷയങ്ങളുമായി (കലാ-ആരോഗ്യ-കായിക-പ്രവൃത്തിപഠനം ഉൾപ്പെടെ) ബന്ധപ്പെടുത്തിയുള്ള ചോദ്യങ്ങൾ ഉണ്ടാകും.

## 4. പരീക്ഷാകേന്ദ്രം

- ഓരോ ഗ്രാമപഞ്ചായത്തിലും ഒരു പരീക്ഷാകേന്ദ്രം ഉണ്ടായിരിക്കും. എന്നാൽ ഒരു കേന്ദ്രത്തിൽ 120 ൽ കൂടുതൽ കുട്ടികൾ പരീക്ഷ എഴുതാനുണ്ടെങ്കിൽ ആ ഗ്രാമപ്പഞ്ചായത്തിൽ മറ്റൊരു കേന്ദ്രം കൂടി അനുവദിക്കും. പരീക്ഷാകേന്ദ്രത്തിന്റെ തിരഞ്ഞെടുപ്പ്, പരീക്ഷാകേന്ദ്രത്തിന്റെ ചീഫ്, ഡെപ്യൂട്ടി ചീഫ്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം തുടങ്ങിയവ എ.ഇ.ഒ-യുടെ ചുമതല ആയിരിക്കും. (എ.ഇ.ഒ പരീക്ഷാസമിതിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ച് ഇവരുടെ നിയമനം നടത്തണം). നഗര പ്രദേശങ്ങളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കേന്ദ്രങ്ങൾ ക്രമീകരിക്കും.

- ഒരു പരീക്ഷാഹാളിൽ 20 കുട്ടികൾ വീതം എന്ന രീതിയിലാവണം ക്രമീകരണം.

- ഓരോ പരീക്ഷാകേന്ദ്രത്തിനും ഒരു ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ ഉണ്ടായിരിക്കണം. പരീക്ഷാകേന്ദ്രമായ സ്കൂളിലെ ഹെഡ്മാസ്റ്ററായിരിക്കണം ചീഫ് സൂപ്രണ്ട്. അടുത്ത ഗ്രാമപഞ്ചായത്തിലുള്ള മറ്റൊരു വിദ്യാലയത്തിലെ (എൽ.പി.സ്കൂൾ) ഹെഡ്മാസ്റ്ററായിരിക്കണം ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്. മുനിസിപ്പൽ/ കോർപ്പറേഷൻ പ്രദേശങ്ങളിൽ സമാന രീതിയിൽ കേന്ദ്രങ്ങൾ കണ്ടെത്തി അനുബന്ധകാര്യങ്ങൾ നിർവഹിക്കണം.

- ഇൻവിജിലേറ്റർമാരായി നിയോഗിക്കുന്നത് തൊട്ടടുത്ത ഗ്രാമപപ്പഞ്ചായത്തിലെ ലോവർ പ്രൈമറി ക്ലാസ്സിൽ പഠിപ്പിക്കുന്ന അധ്യാപകരെ ആയിരിക്കണം.

## 5. <u>ചോദ്യപേപ്പർ തയാറാക്കലും വിതരണവും</u>

എൽ.എസ്.എസ് പരീക്ഷയുടെ ചോദ്യപേപ്പർ തയാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം/ഇംഗ്ലീഷ്/ തമിഴ്/കന്നഡ എന്നീ നാല് പഠന മാധ്യമങ്ങളിൽ ആവശ്യമായ ചോദ്യപേപ്പർ തയാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിതരണം നടത്തുന്നതാണ്.

## 6. <u>പരീക്ഷാസമിതി</u>

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് റവന്യൂ ജില്ലാതലത്തിലും ഉപജില്ലാതലത്തിലും പരീക്ഷാസമിതികൾ ഉണ്ടായിരിക്കണം. റവന്യൂ ജില്ലാതലത്തിൽ ഡി.ഡി.ഇ. (ചെയർമാൻ), ഡയറ്റ് പ്രൻസിപ്പൽ (കൺവീനർ), സമഗ്ര ശിക്ഷാ കേരള (എസ്.എസ്.കെ)-ഡി.പി.ഒ.(മെമ്പർ), ഡി.ഇ.ഒ.-മാർ(മെമ്പർ) എന്നിവരും ഉപജില്ലാതലത്തിൽ എ.ഇ.ഒ (കൺവീനർ), ഡയറ്റ് ഫാക്കൽറ്റി (മെമ്പർ), ബി.പി.ഒ.-സമഗ്ര ശിക്ഷാ കേരള (മെമ്പർ) എന്നിവരുമടങ്ങിയ സമിതി ഉണ്ടായിരിക്കണം.

ഈ സമിതി പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കണം. ഉപജില്ലാതലത്തിൽ പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം തുടങ്ങിയവ എ.ഇ.ഒ.മാരുടെ ചുമതലയായിരിക്കും. ഡയറ്റ് അക്കാദമിക പിന്തുണ നൽകണം.

## 7. <u>മൂല്യനിർണയം</u>

- ഉപജില്ല കേന്ദ്രീകരിച്ച്, എ.ഇ.ഒ. തലത്തിൽ ഫാൾസ് നമ്പർ നൽകിയാണ് മൂല്യനിർണയം നടത്തേണ്ടത്. **12.04.2021**-ന് മൂല്യനിർണയം നടത്തേണ്ടതാണ്. ഇതിനായി ഉപജില്ലയിലെ അധ്യാപകരെ നിയോഗിക്കേണ്ടതാണ്. ഇങ്ങനെ അദ്ധ്യാപകരെ നിയമിക്കുമ്പോൾ തങ്ങളുടെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് എക്സാമിനർമാർക്ക് ലഭ്യമാകാത്ത രീതിയിലുള്ള ക്രമീകരണം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ചെയ്യേണ്ടതാണ്. മൂല്യനിർണയം ഉപജില്ലാതല പരീക്ഷാസമിതിയുടെ ചുമതലയിൽ രഹസ്യ സ്വഭാവത്തോടെ നടത്തണം.

- മൂല്യ നിർണയകേന്ദ്രത്തിലെ ഹെഡ്മാസ്റ്ററെ ക്യാമ്പ് ഓഫീസറായി നിയമിക്കണം. എക്സാമിനർമാരിൽ സീനിയറായ അദ്ധ്യാപകനെ ഡെപ്യൂട്ടി ക്യാമ്പ് ഓഫീസറായി നിയമിക്കണം.

- 10 അസിസ്റ്റന്റ് എക്സാമിനർമാർക്ക് ഒരു ചീഫ് എക്സാമിനർ ഉണ്ടായിരിക്കണം. അസിസ്റ്റന്റ് എക്സാമിനർമാർ ഒരു ദിവസം 10 പേപ്പർ (പേപ്പർ-I) മൂല്യ നിർണയം നടത്തണം. അസിസ്റ്റന്റ് എക്സാമിനർമാർ വിലയിരുത്തുന്ന ഉത്തരക്കടലാസുകളുടെ 5% ഉത്തരക്കടലാസുകൾ ചീഫ് എക്സാമിനർ പരിശോധിക്കണം. ചീഫ് എക്സാമിനർ പരിശോധിച്ച പേപ്പറുകളിൽ അക്കാര്യം എഴുതി ഇനീഷ്യൽ രേഖപ്പെടുത്തണം.

- പരിശോധിക്കുന്ന ഉത്തരക്കടലാസുകളുടെ സ്കോർഷീറ്റ്, എസ്.എസ്.എൽ.സി മൂല്യ നിർണയ ക്യാമ്പിൽ ചെയ്യുന്നതുപോലെ അതതു മുറിയിൽ വച്ച് അസിസ്റ്റന്റ് എക്സാമിനർ തന്നെ തയാറാക്കണം. ഇത് പരിശോധിച്ച് ചീഫ് എക്സാമിനർ ഏറ്റുവാങ്ങി ക്യാമ്പ് ഓഫീസറെ ഏൽപ്പിക്കേണ്ടതാണ്. സ്കോർ ഷീറ്റ് അസിസ്റ്റന്റ് എക്സാമിനർ ഒപ്പിടുകയും ചീഫ് എക്സാമിനർ ശരിയാണെന്ന് ഉറപ്പുവരുത്തി ഒപ്പിടുകയും വേണം. സ്കോർ ഷീറ്റിന്റെ മാതൃക പരീക്ഷാഭവനിൽ നിന്നും നൽകുന്നതാണ്.

## 8. ഡാറ്റാ എൻട്രി

മൂല്യനിർണ്ണയം നടത്തിയ സ്കോർ ഷീറ്റുകൾ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറിനെ മൂല്യ നിർണയ ദിവസം 5 മണിക്ക് മുൻപായി ഏൽപ്പിക്കേണ്ടതാണ്. പരീക്ഷാ ഭവൻ ജീവനക്കാർ സ്കോർ ഷീറ്റുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും ശേഖരിക്കുന്നതാണ്.

## 9. സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യത

60 ശതമാനമോ അതിന് മുകളിലോ സ്കോർ ലഭിക്കുന്നവർ സ്കോളർഷിപ്പിന് അർഹത നേടുന്നതാണ്. ഉപജില്ലയിൽ എസ്.സി., എസ്.ടി., ഒ.ഇ.സി വിഭാഗങ്ങളിൽപ്പെട്ട കുട്ടികളിൽ ആർക്കും തന്നെ നിശ്ചിത സ്കോർ ലഭിക്കുന്നില്ലെങ്കിൽ ഈ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ ഓരോ കുട്ടിയെ വീതം സ്കോളർഷിപ്പിന് പരിഗണിക്കണം (ഇവർ കുറഞ്ഞത് 50% സ്കോർ എങ്കിലും നേടിയിരിക്കണം.)

## 10. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ നിയമനം

പരീക്ഷാകേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർ എന്നിവരെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമിക്കേണ്ടതാണ്. പ്രൈമറി അദ്ധ്യാപകരെയും ഹൈസ്കൂളുകളുടെ ഭാഗമായ പ്രൈമറിയിലെ അധ്യാപകരിൽ ഇൻവിജിലേറ്ററാകാൻ താൽപ്പര്യമുള്ളവരേയും ഇൻവിജിലേറ്റർമാരായി പരിഗണിക്കേണ്ടതാണ്. നിയമനം നൽകുമ്പോൾ പഞ്ചായത്ത്/വാർഡ് മാറ്റി ഇവരെ നിയമിക്കണം.

എൽ.എസ്.എസ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളിലെ ഹെഡ്മാസ്റ്റർ ചീഫ് സൂപ്രണ്ട് ആയിരിക്കും. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരെ അടുത്തുള്ള ഗ്രാമപഞ്ചായത്തുകളിൽ/നഗരപ്രദേശത്തെ വിദ്യാലയങ്ങളിലെ അധ്യാപകരിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്.

ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന അധ്യാപകരുടെ അടുത്ത ബന്ധുക്കൾ ആരും തന്നെ പരീക്ഷാഹാളിൽ ഇല്ലെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാകേന്ദ്രത്തിൽ ഉണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ അരംഭിക്കുന്നതിന് മുമ്പു തന്നെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്ന് ഒരു ഡിക്ലറേഷൻ എഴുതി വാങ്ങേണ്ടതാണ്.

## 11. ഫലപ്രഖ്യാപനം.

ഉപജില്ലകളിൽ നിന്നു ലഭിക്കുന്ന സ്കോർ പരിശോധിച്ചശേഷം വിദ്യാഭ്യാസ ജില്ല തിരിച്ച് പരീക്ഷാഭവൻ ഫലപ്രഖ്യാപനം നടത്തുന്നതാണ്. ഫലം **ജൂൺ 30**-നകം പ്രസിദ്ധീകരിക്കുന്നതാണ്.

## 12. പുനർമൂല്യനിർണ്ണയം

എൽ.എസ്.എസ് പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ താൽപര്യമുള്ള പരീക്ഷാർത്ഥികൾ പരീക്ഷാഫലം പ്രഖ്യാപിച്ച് 7 ദിവസത്തിനകം ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന പ്രിന്റൗട്ടും പേപ്പർ ഒന്നിന് നൂറ് രൂപ നിരക്കിൽ ഫീസും സഹിതം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പുനർമൂല്യനിർണയ ഫലത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് തുക മടക്കി നൽകേണ്ടതും ബാക്കി തുക പരീക്ഷാ സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് **സൂപ്രണ്ട് എ സെക്ഷൻ, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം - 12** എന്ന വിലാസത്തിൽ അയച്ചുനൽകേണ്ടതുമാണ്.

## 13. സർട്ടിഫിക്കറ്റ്., സ്കോളർഷിപ്പ് തുക എന്നിവയുടെ വിതരണം.

സർട്ടിഫിക്കറ്റ് തയാറാക്കി നൽകുന്ന ചുമതല ഡയറ്റുകൾക്കായിരിക്കും. സ്കോളർഷിപ്പ് തുക അടുത്ത അധ്യയന വർഷം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെല്ലിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

## 14. പൊതുനിർദ്ദേശങ്ങൾ

- പരീക്ഷയുമായി ബന്ധപ്പെട്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ ഡയറ്റ് മുഖേന പ്രധാനാധ്യാപകർക്ക് പരിശീലനം നൽകണം.
- പരീക്ഷാഭവൻ പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ, ചോദ്യപേപ്പർ, ആവശ്യമായ ഫോറങ്ങൾ തുടങ്ങിയവ തയാറാക്കി നൽകുന്നതാണ്.
- പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർക്ക് ജില്ലാ തലത്തിൽ പരിശീലനം നൽകണം.
- പരീക്ഷയുടെ ദിവസവും മൂല്യനിർണയം നടത്തുന്ന ദിവസവും അതതു കേന്ദ്രങ്ങളിൽ പരീക്ഷാസമിതിയുടെ സാന്നിധ്യം ഉറപ്പാക്കണം.

- ജില്ലാതല പരീക്ഷാ സമിതിയുടെ മേൽനോട്ടത്തിലായിരിക്കണം ജില്ലയിലെ മൊത്തം പരീക്ഷാ പ്രവർത്തനങ്ങളും.

### കോവിഡ്-19 നിർദ്ദേശങ്ങൾ:

- കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കർശന ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, പരിസരം എന്നിവ ശുചിയാക്കുകയും അണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നൽകുന്നതിനായി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. പരീക്ഷാദിവസങ്ങളിൽ പരീക്ഷാകേന്ദ്രത്തിന്റെ കോമ്പൗണ്ടിനുള്ളിൽ പൂർണ്ണമായും വിദ്യാർത്ഥികൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. കോവിഡ് പോസിറ്റീവായവരെയും ക്വാറന്റയിനിലുള്ളവരെയും കണ്ടെയിൻമെന്റ് സോണിൽ നിന്നും വരുന്നവരെയും തെർമൽ സ്കാനറിൽ ഉയർന്ന ഊഷ്മാവ് കാണിക്കുന്നവരെയും മറ്റു അസുഖ ലക്ഷണം കാണിക്കുന്നവരെയും പ്രത്യേകം ഹാളുകളിൽ പരീക്ഷയ്ക്ക് ഇരുത്തേണ്ടതാണ്. പരീക്ഷ നടത്തുമ്പോൾ പ്രത്യേക മുറികളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ പ്ലാസ്റ്റിക് കവറുകളിൽ ശേഖരിച്ച് സീൽ ചെയ്യുകയും ഇവ പ്ലാസ്റ്റിക് കവർ തുറക്കാതെ തന്നെ പ്രത്യേക സി വി കവറിലാക്കി, കവറിന്റെ പുറത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

***പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.***

## അനുബന്ധം

## എൽ.എസ്.എസ്.പരീക്ഷ ഘടന

| നമ്പർ | പേപ്പർ | പാർട്ട് | സമയം | വിഷയ വിശദാംശങ്ങൾ | ചോദ്യ വിശദാംശങ്ങൾ | സ്കോർ വിശദാംശങ്ങൾ | സ്കോർ |
|---|---|---|---|---|---|---|---|
| 1 | 1 | A | 25 മിനിട്ട് | **പാർട്ട് (എ): ഒന്നാം ഭാഷ (മലയാളം/ കന്നഡ/തമിഴ്)** | വസ്തുനിഷ്ഠ രീതി (1 സ്കോർ) 5 ചോദ്യങ്ങൾ വിവരണാത്മകരീതി (5 സ്കോർ) 1 ചോദ്യം | 5x1=5<br>1x5=5 | 10 |
| | | B | 25 മിനിട്ട് | **പാർട്ട് (ബി): ഇംഗ്ലീഷ്** | വസ്തുനിഷ്ഠ രീതി (1 സ്കോർ) 5 ചോദ്യങ്ങൾ വിവരണാത്മകരീതി (5 സ്കോർ) 1 ചോദ്യം | 5x1=5<br>1x5=5 | 10 |
| | | C | 25 മിനിട്ട് | **പാർട്ട് (സി): പരിസര പഠനം** | വസ്തുനിഷ്ഠ രീതി (1 സ്കോർ) 5 ചോദ്യങ്ങൾ വിവരണാത്മകരീതി (5 സ്കോർ) 1 ചോദ്യം | 5x1=5<br>1x5=5 | 10 |
| | | D | 25 മിനിട്ട് | **പാർട്ട് (ഡി): ഗണിതം** | വസ്തുനിഷ്ഠ രീതി (1 സ്കോർ) 5 ചോദ്യങ്ങൾ വിവരണാത്മകരീതി (5 സ്കോർ) 1 ചോദ്യം | 5x1=5<br>1x5=5 | 10 |
| | | E | 20 മിനിട്ട് | **പാർട്ട് (ഇ): പൊതുവിജ്ഞാനം** | വസ്തുനിഷ്ഠ രീതി (1 സ്കോർ) 10 ചോദ്യങ്ങൾ | 10x1=10 | 10 |
| **ആകെ സമയം 120 മിനിട്ട്** | | | | | **ആകെ ചോദ്യങ്ങൾ=34** | **ആകെ സ്കോർ** | **50** |

# യു.എസ്.എസ്. പരീക്ഷയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

## 1. യു.എസ്.എസ്. പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

- കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ്/അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ ഏഴാം ക്ലാസ്സിൽ പഠിക്കുന്നവർക്ക് യു.എസ്.എസ് പരീക്ഷ എഴുതാവുന്നതാണ്.
- ആറാം ക്ലാസ്സിലെ പ്രൊമോഷന് പരിഗണിച്ച ഒന്നാം ടേം പരീക്ഷയിലും രണ്ടാം ടേം പരീക്ഷ യിലും ലഭിച്ച ഗ്രേഡുകളുടെ ശരാശരി ഗ്രേഡുകൾ അടിസ്ഥാനമാക്കിയാണ് കുട്ടികളെ തെര ഞ്ഞെടുക്കുന്നത്. ഇതിനായി 2 മാനദണ്ഡങ്ങളാണ് നിർദേശിക്കുന്നത്.

   1. എല്ലാ വിഷയങ്ങളും 'എ' ഗ്രേഡ് (ഭാഷാ വിഷയങ്ങൾ & ശാസ്ത്ര വിഷയങ്ങൾ)
   2. എ) ഭാഷാ വിഷയങ്ങളിൽ 2 പേപ്പറുകൾക്ക് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും.
      ബി) ശാസ്ത്ര വിഷയങ്ങളിൽ (ഗണിതം, അടിസ്ഥാന ശാസ്ത്രം, സാമൂഹ്യശാസ്ത്രം) രണ്ടിന് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും.

<u>നോട്ട് :</u> **5,6 ക്ലാസ്സുകളിൽ കലാ-കായിക-പ്രവൃത്തി പരിചയ, വിദ്യാരംഗം മേളകളിൽ സബ്ജില്ലാതലത്തിൽ 'എ' ഗ്രേഡ്/ഒന്നാംസ്ഥാനം നേടിയവർക്ക് മാത്രമാണ് രണ്ടാം മാനദണ്ഡം ബാധകമാകുക.**

- പരീക്ഷക്ക് കുട്ടികൾ ഫീസ് നൽകേണ്ടതില്ല. പരീക്ഷ എഴുതാൻ അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ ഓൺലൈനായി **08/03/2021** മുതൽ **19/03/2021** നു മുമ്പായി സ്കൂൾ ഹെഡ്മാസ്റ്റർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 2. പരീക്ഷയുടെ സിലബസും സ്വഭാവവും.

- യു.എസ്.എസ് പരീക്ഷയ്ക്ക് ഏഴാം ക്ലാസ് പാഠഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ 2020 ഒക്ടോബർ 31 വരെ പഠിപ്പിക്കേണ്ടവ മാത്രമാക്കി നിജപ്പെടുത്തിയിട്ടുണ്ട്.

- ഏഴാം ക്ലാസ്സുവരെ കുട്ടി നേടിയിരിക്കേണ്ട പഠന നേട്ടങ്ങൾ (ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവതലം) പരിഗണിച്ചുകൊണ്ടാണ് യു.എസ്.എസ് പരീക്ഷയ്ക്കുള്ള ചോദ്യ ങ്ങൾ തയ്യാറാക്കുന്നത്.
- പരീക്ഷയുടെ വസ്തുനിഷ്ഠതയും (objectivity) വിശ്വാസ്യതയും (reliability) നിലനിർത്തുന്ന തിനായി ബഹുവികല്പ ചോദ്യങ്ങൾ (Multiple choice test items) ആയിരിക്കും ഈ പരീ ക്ഷയിൽ ഉൾപ്പെടുത്തുന്നത്.
- ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ട വയും ഉയർന്ന ശേഷിക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കണം.

   - അറിവിന്റെ സ്വാംശീകരണം
   - അറിവിന്റെ പ്രയോഗം
   - വിശകലനാത്മകത
   - വിലയിരുത്തൽ/നിലപാട് സ്വീകരിക്കൽ
   - സൃഷ്ടിപരത

## 3. പരീക്ഷയുടെ ഘടന

**യു.എസ്.എസ്. പരീക്ഷയ്ക്ക് ആകെ 1 പേപ്പർ മാത്രമായിരിക്കും**

പാർട്ട് (എ) : ഒന്നാം ഭാഷ (ഭാഗം 1) A.T മലയാളം/കന്നട/തമിഴ്/ അറബി/ ഉറുദു/ സംസ്കൃതം

| | | |
|---|---|---|
| പാർട്ട് (ബി) | : | ഒന്നാം ഭാഷ (ഭാഗം 2) B.T മലയാളം/കന്നട/തമിഴ് |
| പാർട്ട് (സി) | : | ഗണിതം |
| പാർട്ട് (ഡി) | : | ഇംഗ്ലീഷ് |
| പാർട്ട് (ഇ) | : | അടിസ്ഥാന ശാസ്ത്രം |
| പാർട്ട് (എഫ്) | : | സാമൂഹ്യശാസ്ത്രം |

- രാവിലെ 10 മുതൽ 12.20 വരെയാണ് പരീക്ഷാ സമയം. ഇതിൽ ആദ്യത്തെ 20 മിനിട്ട് സമയം സമാശ്വാസ സമയമായി (cool of time) ഉപയോഗിക്കേണ്ടതാണ്.
- ആകെ 70 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഇതിൽ 60 ചോദ്യങ്ങളുടെ ഉത്തരം എഴുതിയാൽ മതിയാകും.
- ആകെ 120 മിനിട്ടായിരിക്കും പരീക്ഷാ സമയം.
- ഓരോ പേപ്പറിന്റെയും ചോദ്യങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ്.

| | | | |
|---|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (ഭാഗം 1) | 10 |
| പാർട്ട് (ബി) | : | ഒന്നാം ഭാഷ (ഭാഗം 2) | 14 (പരമാവധി സ്കോർ 10) |
| പാർട്ട് (സി) | : | ഗണിതം | 10 |
| പാർട്ട് (ഡി) | : | ഇംഗ്ലീഷ് | 10 |
| പാർട്ട് (ഇ) | : | അടിസ്ഥാന ശാസ്ത്രം | 13 (പരമാവധി സ്കോർ 10) |
| പാർട്ട് (എഫ്) | : | സാമൂഹ്യശാസ്ത്രം | 13 (പരമാവധി സ്കോർ 10) |
| **ആകെ** | | | **70 (പരമാവധി സ്കോർ 60)** |

- ഒരു ചോദ്യത്തിന് ഒരു സ്കോർ വീതം ആണ് ആകെ ഉത്തരം എഴുതേണ്ടത് 60 ചോദ്യങ്ങൾക്കാണ് അതുകൊണ്ട് പരമാവധി സ്കോർ 60 ആയിരിക്കും.
- ഓരോ വിഷയത്തിലും അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട സാമാന്യാവബോധം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- ഒന്നാം ഭാഷ (ഭാഗം 2) 4 ചോദ്യങ്ങളും, സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം എന്നിവ യിൽ നിന്ന് 3 ചോദ്യങ്ങൾ വീതവും യഥാക്രമം കല, സാഹിത്യം, ആരോഗ്യ-കായിക വിഷയ ങ്ങളുമായി ബന്ധപ്പെടുത്തിയായിരിക്കും.
- **ഗണിതത്തിന്റെ ചോദ്യങ്ങളിൽ യുക്തിചിന്ത** (reasoning), **മാനസികശേഷി** (mental ability) **എന്നിവ പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും.**
- പാർട്ട് (എ) യിൽ ഓരോ വിഷയത്തിന്റെയും (ഭാഷകൾ) ചോദ്യങ്ങൾ 1 മുതൽ 10 വരെ ക്രമനമ്പരായിരിക്കും. അതുപോലെ പാർട്ട് ബി-യിലെ ഓരോ വിഷയത്തിന്റെയും ചോദ്യങ്ങൾ 11 മുതൽ 24 വരെ ക്രമനമ്പരായിരിക്കും. പാർട്ട് സി-യിലെ ചോദ്യങ്ങളുടെ ക്രമ നമ്പർ 25 മുതൽ 34 വരെ ആയിരിക്കും.
- പാർട്ട് 'ഡി' യിലെ ചോദ്യങ്ങൾക്ക് (ഇംഗ്ലീഷ്) 35 മുതൽ 44 വരെ ക്രമനമ്പരും, പാർട്ട് 'ഇ' യിലെ ചോദ്യങ്ങൾക്ക് (അടിസ്ഥാനശാസ്ത്രം) 45 മുതൽ 57 വരെ ക്രമനമ്പരും, പാർട്ട് 'എഫ്'-ലെ ചോദ്യങ്ങൾക്ക് (സാമൂഹ്യശാസ്ത്രം) 58 മുതൽ 70 വരെ ക്രമനമ്പരും ആയിരിക്കും.

## 4. പരീക്ഷാ സമിതി

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ജില്ലാതലത്തിലും സബ് ജില്ലാതലത്തിലും പരീക്ഷാസമിതികൾ ഉണ്ടായിരിക്കണം. ജില്ലാതലത്തിൽ ഡി.ഡി.ഇ (ചെയർമാൻ), ഡയറ്റ് പ്രിൻസിപ്പാൾ (കൺവീനർ), ഡി.പി.ഒ (എസ്.എസ്.കെ), ഡി.ഇ.ഒ മാർ (മെമ്പർ) എന്നിവരും സബ്ജില്ലാതലത്തിൽ എ.ഇ.ഒ (കൺവീനർ), ഡയറ്റ് ഫാക്കൽറ്റി (മെമ്പർ), ബി.പി.ഒ സമഗ്ര ശിക്ഷാ കേരള (മെമ്പർ) എന്നിവരുമടങ്ങിയ സമിതിയായിരിക്കും.ഈ സമിതി പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കണം.

## 5. ചോദ്യപേപ്പർ തയ്യാറാക്കലും വിതരണവും

യു.എസ്.എസ് പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ നാലു പഠന മാധ്യമങ്ങളിൽ ആവശ്യമായ ചോദ്യപേപ്പർ തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിതരണം നടത്തുന്നതാണ്.

## 6. പരീക്ഷാകേന്ദ്രം

- സബ്ജില്ലയിലെ സൗകര്യപ്രദമായ യു.പി/എച്ച്.എസ് സ്കൂളായിരിക്കണം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുക്കേണ്ടത്. പരീക്ഷാകേന്ദ്രത്തിന്റെ തെരഞ്ഞെടുപ്പ് പരീക്ഷാകേന്ദ്രത്തിന്റെ ചീഫ്, ഡെപ്യൂട്ടി ചീഫ്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം എ.ഇ.ഒ-യുടെ ചുമതലയായിരിക്കും. (എ.ഇ.ഒ പരീക്ഷാസമിതിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ച് ഇവരുടെ നിയമനം നടത്തണം).എസ്.എസ്.എൽ.സി മൂല്യനിർണ്ണയ ക്യാമ്പുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞടുക്കരുത്.
- ഒരു ക്ലാസ് മുറിയിൽ 20 കുട്ടികൾക്ക് പരീക്ഷ എഴുതാവുന്നതാണ്. ഇപ്രകാരം 200 കുട്ടികൾക്കുവരെ ഒരു കേന്ദ്രത്തിൽ പരീക്ഷയെഴുതാവുന്നതാണ്. 200 ൽ കൂടുതൽ കുട്ടികളുണ്ടെങ്കിൽ സബ് ജില്ലാതലത്തിൽ ഒന്നിലേറെ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.
- ഓരോ പരീക്ഷാകേന്ദ്രത്തിനും ഒരു ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ ഉണ്ടായിരിക്കണം. പരീക്ഷാകേന്ദ്രമായ സ്കൂളിലെ ഹെഡ്മാസ്റ്ററായിരിക്കണം - ചീഫ് സൂപ്രണ്ട്. അടുത്ത ഉപജില്ലയിലെ ഒരു യു.പി വിദ്യാലയത്തിലെ ഹെഡ്മാസ്റ്ററായിരിക്കണം - ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്.
- ഇൻവിജിലേറ്റർമാരായി നിയോഗിക്കുന്ന അധ്യാപകർ തന്റെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ ഹാളിൽ വരാത്ത രീതിയിൽ ക്രമീകരണം ചെയ്യേണ്ടതാണ്. ഇതിനായി ലോവർ പ്രൈമറി മാത്രമുള്ള സ്കൂളിലെ അധ്യാപകരെ ഇൻവിജിലേറ്റേഴ്സ് ആയി നിയമിക്കുക.

## 7. മൂല്യനിർണയം

- ഒ.എം.ആർ ഷീറ്റുകൾ ഉപയോഗിച്ചാണ് പരീക്ഷ നടത്തുന്നത്. പരീക്ഷാഭവൻ ഇതിനനുസരിച്ച് മൂല്യനിർണയം നിർവഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. രാവിലെ നടന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ (ഒ.എം.ആർ) പരീക്ഷയ്ക്കുശേഷം ഉച്ചയ്ക്കു മുമ്പു തന്നെ കേടുപാടുകൂടാതെ പായ്ക്ക് ചെയ്ത് സീൽ ചെയ്ത് വയ്ക്കേണ്ടതും അന്നു തന്നെ ബന്ധപ്പെട്ട ഡി.ഇ.ഒ കളിൽ എത്തിക്കേണ്ടതുമാണ്. ഡി.ഇ.ഒ. യിൽ നിന്നും പരീക്ഷാഭവൻ ഈ ഉത്തരക്കടലാസുകൾ നേരിട്ട് ശേഖരിക്കുന്നതാണ്. **ഒ.എം.ആർ. ഷീറ്റിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.** ഒ.എം.ആർ. മാതൃകയിലുള്ള പരീക്ഷയായതിനാൽ പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.

- **സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള യോഗ്യത**

ആകെയുള്ള 60 സ്കോറിൽ 42 സ്കോറോ (70%) അതിൽ കൂടുതലോ കിട്ടിയാൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

**8. പ്രതിഭാധനരെ തെരഞ്ഞെടുക്കൽ**

പ്രതിഭാധനരായ വിദ്യാർത്ഥികളെ തെരഞ്ഞടുക്കുന്നതിനു വേണ്ടി സ്ക്രീനിംഗ് ടെസ്റ്റ് രീതിക്ക് പകരം യു.എസ്.എസ് പരീക്ഷയിൽ ലഭിക്കുന്ന സ്കോർ അനുസരിച്ച് ഇതിലേയ്ക്കുള്ള കുട്ടികളെ തെരഞ്ഞടുക്കുന്നതാണ്. ഇങ്ങനെ തെരഞ്ഞടുക്കുമ്പോൾ സംവരണ തത്വങ്ങൾ പാലിക്കുന്നതാണ്. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ സ്കോർ നേടിയ 20 കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്.

| | | |
|---|---|---|
| ഓപ്പൺ വിഭാഗം | - | 15 |
| ഒ.ഇ.സി | - | 1 |
| എസ്.സി | - | 2 |
| എസ്.ടി. വിഭാഗം | - | 1 |
| സി.ഡബ്ല്യൂ.എസ്.എൻ വിഭാഗം | - | 1 |
| **ആകെ** | - | **20** |

============

ഒ.ഇ.സി വിഭാഗത്തിൽ കുട്ടികൾ ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്ന് ഒരാളെക്കൂടി പരിഗണിക്കും. എസ്.സി. വിഭാഗത്തിൽ നിന്ന് കുട്ടികളില്ലെങ്കിൽ ഉയർന്ന റാങ്ക് നേടിയ ഒരു ഒ.ഇ.സി അതുമല്ലെങ്കിൽ ജനറൽ വിഭാഗത്തിലെ ഒരു കുട്ടിയെക്കൂടി പരിഗണിക്കുന്നതാണ്. എസ്.ടി. വിഭാഗത്തിൽ കുട്ടികളില്ലെങ്കിൽ ഒരു കുട്ടിയെക്കൂടി എസ്. സി. വിഭാഗത്തിൽ നിന്നും പരിഗണിക്കും. ഈ വിഭാഗങ്ങളിൽ കുട്ടികളില്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്നും ഒരാളെ തെരഞ്ഞടുക്കുന്നതാണ്. സംവരണ വിഭാഗങ്ങളിലൊന്നും കുട്ടികളില്ലെങ്കിൽ എല്ലാവരേയും ജനറൽ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കും. നിശ്ചിത എണ്ണം വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ ആകെ മാർക്കിൽ ടൈ വരുന്ന അവസരത്തിൽ ഗണിതത്തിന്റെ മാർക്ക് ടൈ ബ്രേക്കിന് പരിഗണിക്കുന്നതായിരിക്കും.

**കുറിപ്പ് :- (ഗവൺമെന്റിന്റെയോ പരീക്ഷാകമ്മീഷണറുടെയോ ഉത്തരവിനു വിധേയമായി പ്രതിഭാധനരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡത്തിൽ മാറ്റം വരാവുന്നതാണ്.)**

**യു.എസ്.എസ്. പരീക്ഷ :-** ഉപജില്ലയിൽ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ പ്രധാനാധ്യാപകൻ/പ്രധാനാധ്യാപിക ചീഫ് സൂപ്രണ്ടായിരിക്കും. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവർ പ്രസ്തുത സെന്ററിൽ പരീക്ഷയെഴുതുന്ന കുട്ടികളുടെ സ്കൂളുകളിൽ നിന്നുള്ളവരാകരുത്. ഇൻവിജിലേറ്റർമാരുടെ നിയമന ഉത്തരവ് ബന്ധപ്പെട്ട ഉപജില്ല ഓഫീസർമാർ നൽകേണ്ടതാണ്.

എല്ലാ പരീക്ഷയിലും ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന അദ്ധ്യാപകരുടെ അടുത്ത ബന്ധുക്കൾ ആരും തന്നെ പരീക്ഷാഹാളിൽ ഇല്ലായെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പു വരുത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാ സെന്ററിൽ ഉണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ ആരംഭിയ്ക്കുന്നതിനു മുമ്പു തന്നെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്നും ഒരു ഡിക്ലറേഷൻ എഴുതി വാങ്ങേണ്ടതാണ്.

## 9. ഫലപ്രഖ്യാപനം

ഒ.എം.ആർ വിലയിരുത്തലിന് ശേഷം വിദ്യാഭ്യാസ ജില്ല തിരിച്ച് പരീക്ഷാഭവൻ ഫല പ്രഖ്യാപനം നടത്തുന്നതാണ്. **ജൂൺ 30**-നകം ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

## 10. സർട്ടിഫിക്കറ്റ് വിതരണം, സ്കോളർഷിപ്പ് തുക വിതരണം.

യു.എസ്.എസ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ നിന്നും നൽകുന്നതാണ്. സ്കോളർഷിപ്പ് തുക അടുത്ത അദ്ധ്യയന വർഷം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെൽ വഴി വിതരണം ചെയ്യുന്നതാണ്.

## 11. പൊതുനിർദ്ദേശങ്ങൾ

- പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ, ചോദ്യപേപ്പർ, ആവശ്യമായ ഫോറങ്ങൾ തുടങ്ങിയവ പരീക്ഷാഭവൻ തയ്യാറാക്കി നൽകും.
- ഉപജില്ലാതലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബന്ധപ്പെട്ട ഡയറ്റ് ഫാക്കൽട്ടികളുടെ സഹായത്തോടെ പരിശീലനം നൽകണം. പരീക്ഷയിൽ വരുന്ന മാറ്റങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനായി സബ്ജില്ലാതലത്തിൽ ഹെഡ്മാസ്റ്റർമാരുടെ യോഗത്തിൽ പുതിയ രീതികൾ വിശദീകരിക്കണം. എസ്.ആർ.ജി കൺവീനർമാർക്കും പുതിയ രീതി പരിചയപ്പെടുത്തണം.
- പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർക്ക് ജില്ലാതലത്തിൽ ഡയറ്റിന്റെ നേതൃത്വത്തിൽ പരിശീലനം നൽകണം.
- പരീക്ഷയുടെ ദിവസം അതാതു കേന്ദ്രങ്ങളിൽ പരീക്ഷാ സമിതിയുടെ സാന്നിദ്ധ്യം ഉറപ്പാക്കണം.
- ജില്ലയിലെ മൊത്തം പരീക്ഷാ പ്രവർത്തനങ്ങൾ ജില്ലാതല പരീക്ഷാ സമിതി മോണിറ്റർ ചെയ്യണം.
- ഒ.എം.ആർ അനുസരിച്ചുള്ള പരീക്ഷ എഴുതുന്നതിനുള്ള പരിശീലനം പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും നൽകുന്നതിനുള്ള നടപടി ഉപജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്.

**കോവിഡ്-19 നിർദ്ദേശങ്ങൾ:**

- കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കർശന ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, പരിസരം എന്നിവ ശുചിയാക്കുകയും അണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നൽകുന്നതിനായി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. പരീക്ഷാ ദിവസങ്ങളിൽ പരീക്ഷാകേന്ദ്രത്തിന്റെ കോമ്പൗണ്ടിനുള്ളിൽ പൂർണ്ണമായും വിദ്യാർത്ഥികൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. കോവിഡ് പോസിറ്റീവായവരെയും ക്വാറന്റയിനിലുള്ളവരെയും കണ്ടെയിൻമെന്റ് സോണിൽ നിന്നും വരുന്നവരെയും തെർമൽ സ്കാനറിൽ ഉയർന്ന ഊഷ്മാവ് കാണിക്കുന്നവരെയും മറ്റു അസുഖ ലക്ഷണം കാണിക്കുന്നവരെയും പ്രത്യേകം ഹാളുകളിൽ പരീക്ഷയ്ക്ക് ഇരുത്തേണ്ടതാണ്. പരീക്ഷ നടത്തുമ്പോൾ പ്രത്യേക മുറികളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ പ്ലാസ്റ്റിക് കവറുകളിൽ ശേഖരിച്ച് സീൽ ചെയ്യുകയും ഇവ പ്ലാസ്റ്റിക് കവർ തുറക്കാതെ തന്നെ പ്രത്യേക സി വി കവറിലാക്കി, കവറിന്റെ പുറത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

- **പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.**

# എൽ.എസ്.എസ്/യു.എസ്.എസ്. പരീക്ഷയുടെ പ്രവർത്തന കലണ്ടർ

| ക്രമ. നം. | പ്രവർത്തനങ്ങൾ | തീയതി |
|---|---|---|
| 1. | പരീക്ഷാഭവനിൽ നിന്നും വെബ്സൈറ്റ് ആക്ടീവ് ആക്കുന്നത് | 03/03/2021 |
| 2. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ വെബ്സൈറ്റ് സജ്ജമാക്കേണ്ട അവസാന തീയതി | 06/03/2021 |
| 3. | സ്കൂൾ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | 08/03/2021 |
| 4. | രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട തീയതി | 19/03/2021 |
| 5. | പരീക്ഷാർത്ഥികളുടെ അന്തിമ പട്ടിക എ.ഇ.ഒ മാർക്ക് സമർപ്പിക്കേണ്ട തീയതി | 20/03/2021 |
| 6. | പരീക്ഷാഭവനിൽ നിന്നും രജിസ്റ്റർ നമ്പരുകൾ അനുവദിക്കുന്ന തീയതി | 24/03/2021 |
| 7. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരീക്ഷാസെന്റർ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉള്ള പട്ടിക ഡൗൺലോഡ് ചെയ്ത് സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ട അവസാന തീയതി | 25/03/2021 |
| 8. | പ്രധാനാധ്യാപകൻ ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തി സെന്റർ ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങി അന്തിമമാക്കി പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട അവസാന തീയതി | 26/03/2021 |
| 9. | എൽ.എസ്.എസ്, യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകളുടെ തീയതി | 07.04.2021 |
| 10. | ഒ.എം.ആർ ഉത്തരക്കടലാസ് പരീക്ഷാ സെന്ററിൽ നിന്നും ഡി.ഇ.ഒ യ്ക്ക് എത്തിക്കേണ്ട തീയതി (യു.എസ്.എസ് മാത്രം) | 07.04.2021 |
| 11. | ഒ.എം.ആർ ഉത്തരക്കടലാസ് ഡി.ഇ.ഒ യിൽ നിന്ന് നേരിട്ട് പരീക്ഷാഭവൻ ശേഖരിക്കുന്നത് (യു.എസ്.എസ് മാത്രം) | 12.04.2021 |
| 12. | എൽ.എസ്.എസ് ഉത്തരക്കടലാസുകൾ സെന്ററുകളിൽ നിന്നും ശേഖരിച്ച് മൂല്യനിർണ്ണയ ക്യാമ്പിലെത്തിക്കേണ്ടത് | 07.04.2021 |
| 13. | എൽ.എസ്.എസ് പരീക്ഷ മൂല്യനിർണ്ണയം ആരംഭിക്കേണ്ട തീയതി | 12.04.2021 |

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ